സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ തിരുവല്ല ദേവസ്വത്തിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ആഡിറ്റ് ആഫീസിന്റെ പ്രവർത്തനം, മാവേലിക്കര ദേവസ്വം ക്യാമ്പ് ഷെഡിൽ പ്രവർത്തിക്കുന്ന ദേവസ്വം വിജിലൻസ് ആഫീസ് (മദ്ധ്യമേഖല) എന്നിവ കണ്ടിയൂർ ദേവസ്വത്തോട് ചേർന്നുള്ള കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 34/18/Est-I** നന്തൻകോട്, **09/3/2018**

---

പരാമർശം :- 07-03-2018 ലെ ബോർഡ് തീരുമാനം

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ തിരുവല്ല ദേവസ്വത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവല്ല അസിസ്റ്റന്റ് ആഡിറ്റ് ആഫീസ് കെട്ടിടത്തിൽ വേണ്ടത്ര സ്ഥല സൗകര്യമില്ലാത്തതും ആഫീസിൽ നിന്നും വിവിധ ഗ്രൂപ്പുകളിലേക്കുള്ള ദൂരം വളരെ വ്യത്യസ്തവുമാണ്. നിലവിൽ മാവേലിക്കര ഗ്രൂപ്പിൽ കണ്ടിയൂർ ദേവസ്വത്തോട് ചേർന്ന് (ക്ഷേത്ര മതിലിനുവെളിയിൽ) സമീപ കാലത്ത് അറ്റകുറ്റപ്പണികൾ നടത്തിയ കൊട്ടാരം ബിൽഡിംഗിലേക്ക് ടി ആഫീസ് മാറ്റുന്നത് ടി ആഫീസിന് കീഴിൽ വരുന്ന ഗ്രൂപ്പുകളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനും ടി കെട്ടിടം ജീർണ്ണത വരാതെ നിലനിർത്തുന്നതിനും സഹായകമാകുമെന്നും സ്ഥലപരിമിതി ഏറെയുള്ള സാഹചര്യത്തിൽ മാവേലിക്കര ദേവസ്വം ക്യാമ്പ് ഷെഡിൽ പ്രവർത്തിക്കുന്ന ദേവസ്വം വിജിലൻസ് ആഫീസ് (മദ്ധ്യ മേഖല) കൂടി കൊട്ടാരം ബിൽഡിംഗിലേക്ക് മാറ്റുന്നപക്ഷം വിജിലൻസ് ആഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും ക്യാമ്പ് ഷെഡ് കെട്ടിടം പൂർണ്ണമായും ഉപയോഗ യോഗ്യമാക്കുന്നതിനും സാധിക്കുമെന്ന് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

ആകയാൽ തിരുവല്ല അസിസ്റ്റന്റ് ആഡിറ്റ് ആഫീസും മാവേലിക്കര ദേവസ്വം ക്യാമ്പ് ഷെഡിൽ പ്രവർത്തിക്കുന്ന ദേവസ്വം വിജിലൻസ് ആഫീസും മാവേലിക്കര ഗ്രൂപ്പിൽ കണ്ടിയൂർ ദേവസ്വത്തോട് ചേർന്നുള്ള കൊട്ടാരം ബിൽഡിംഗിലേക്ക് മാറ്റുന്നതിന് ബോർഡ് തീരുമാനിച്ചു. ടി രണ്ട് ആഫീസുകളും 01-04-2018 മുതൽ കണ്ടിയൂർ ദേവസ്വത്തോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK